## പാഠം 13 ജൂൺ 17–23

# 1,2പത്രൊസിലെ മുഖ്യ ചിന്താവിഷയങ്ങൾ

**ശബ്ബത്ത് സായാഹ്നം ജൂൺ 17**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശയ്യാവ് 53: 5,6,9; ലേവ്യ 16:16–19; 11:44; റോമർ 13:1–7; 1 കൊരിന്ത്യർ 14:40; 2 തിമൊഥെയൊസ് 3:16.**

**മനഃപാഠവാക്യം : "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു" (2 പത്രൊസ് 2: 24).**

പ്രായോഗിക ഉദ്ദേശ്യങ്ങൾക്കു വേണ്ടിയാണ് 1, 2 പത്രൊസ് എഴുതപ്പെട്ടത്. 1 പത്രൊസിൽ പത്രൊസ് അഭിമുഖീകരിച്ച വലിയ വിഷയം ക്രിസ്ത്യാനി കൾ നേരിട്ട പീഡനമാണ്. 2 പത്രൊസിൽ പ്രധാന വിഷയം വ്യാജ ഉപദേശകന്മാരായിരുന്നു. അവർക്കു മുമ്പിലുള്ള വെല്ലുവിളികളെ സംബന്ധിച്ച് അവരെ താക്കീത് ചെയ്യുകയും, അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തപ്പോൾ പത്രൊസ് ശക്തമായും അധികാരത്തോടുംകൂടി എഴുതി.

അതിൽ സുപ്രധാനമായതെന്തെന്നാൽ പത്രൊസ് രണ്ടു വിഷയങ്ങളോടും പ്രതികരിക്കുന്നത് ദൈവശാസ്ത്രത്തിന്റെ ബന്ധത്തിലാണ്. നമ്മുടെ രക്ഷയിൽ കലാശിച്ച യേശുവിന്റെ കഷ്ടപ്പാടിനെയും മരണത്തെയും കുറിച്ച് ധ്യാനിക്കുന്നതിലേക്ക് പീഡനഫലമായുണ്ടായ കഷ്ടപ്പാട് പത്രൊസിനെ നയിച്ചു. വ്യാജ ഉപദേശകർ ന്യായവിധി നേരിടാൻ പോകുകയാണ്. സ്വർഗ്ഗത്തിലെ ആയിരം വർഷങ്ങൾ അവസാനിച്ച ശേഷം രക്ഷപ്പെട്ടവരോടൊത്ത് യേശു ഭൂമിയിലേക്കു വന്നതിനുശേഷമാണ് ന്യായവിധി നടക്കുക. അവന്റെ രണ്ട് എഴുത്തുകളിൽ പത്രൊസ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ചിലതാണ് ഇവ.

ഈ ഒടുവിലത്തെ ആഴ്ചയിലെ പാഠം കൂടുതൽ വിശദമായി പത്രൊസ് എഴുതിയ അഞ്ചു കേന്ദ്ര അശയങ്ങളെക്കുറിച്ചു നോക്കും: നമ്മുടെ രക്ഷയിലേക്ക് നയിച്ച യേശുവിന്റെ കഷ്ടത, അന്ത്യന്യായവിധിയിൽ നമ്മുടെ പ്രവൃത്തികളെ ദൈവം ന്യായം വിധിക്കും എന്ന അറിവിനോടുള്ള നമ്മുടെ പ്രായോഗിക പ്രതികരണം; യേശുവിന്റെ വേഗത്തിലുള്ള തിരിച്ചുവരവിൽ നമുക്കുള്ള പ്രത്യാശ, സഭയിലും സമൂഹത്തിലും ഉള്ള ചിട്ട, നമ്മുടെ ജീവിതങ്ങളിൽ മാർഗ്ഗ നിർദേശ്യം നൽകുന്നതിൽ തിരുവെഴുത്തിനുള്ള പങ്ക്.

**ഞായർ ജൂൺ 18**

### കഷ്ടപ്പാടും, യേശുവും, രക്ഷയും

തുടർന്നുള്ള പാഠഭാഗങ്ങൾ വായിച്ച് ഓരോന്നും രക്ഷയെക്കുറിച്ച് എന്തു വെളിവാക്കുന്നുവെന്നു ശ്രദ്ധിക്കുക (കുറിച്ചിടുക)

1 പത്രൊാസ് 1:2 ____________________

1 പത്രൊാസ് 1:8,9____________________

1 പത്രൊാസ് 1:18,19____________________

1 പത്രൊാസ് 2: 22-25____________________

1 പത്രൊാസ് 3:18____________________

രക്ഷയെക്കുറിച്ച് പത്രൊാസ് പ്രതിപാദിക്കുമ്പോൾ, അത് സാധാരണയായി യേശു പാപികൾക്ക് ഒരു പകരക്കാരനായി മരിക്കുന്ന പശ്ചാത്തലത്തിലാണ് ഉദാഹരണത്തിന്, 1 പത്രൊാസ് 2:22,24 ൽ പത്രൊാസ് യേശുവിന്റെ കഷ്ടപ്പാടിനെക്കുറിച്ച് എഴുതുമ്പോൾ, അവൻ ഉപയോഗിക്കുന്ന ഭാഷ യെശയ്യാവ് 53:5,6,9 പ്രതിഫലിപ്പിക്കുന്നത്. "നമ്മുടെ സമാധാനത്തിലുള്ള ശിക്ഷ അവന്റെ മേൽ ആയി" ക്രൂശിന്മേൽ അവനത് വഹിച്ചു "അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നു"(1 പത്രൊാസ് 2:24). യാഗത്തിന്റെയും പകരക്കാരന്റെയും ആശയം വെളിപ്പെടുത്തുന്നു.

എബ്രായ ബൈബിളിൽ വർണ്ണിച്ചിരിക്കുന്ന അനേകം യാഗങ്ങളിൽ, പാപികൾ അവരുടെ കാണിക്കകൾ ദൈവാലയത്തിലേക്ക് കൊണ്ടുവരികയും അവയുടെ മേൽ കൈവയ്ക്കുകയും ചെയ്തു. ഈ പ്രവൃത്തി ഒരു സൂചകമായി പാപിയിൽനിന്നും മൃഗത്തിലേക്ക് അവന്റെ പാപം മാറ്റി, അത് പിന്നീട് പാപിയുടെ സ്ഥാനത്തു മരണപ്പെട്ടു (ലേവ്യ 4:29,30, 33,34; 14:10-13).

**യാഗപീഠത്തിന്മേൽ അടിഞ്ഞുകൂടിയ പാപത്തിന്റെ അശുദ്ധി വൃത്തിയാക്കുകയും പാപപരിഹാര ദിവസത്തിൽ (ലേവ്യ 16:16-19). മാറ്റപ്പെടുകയും ചെയ്തു.**

പാപപരിഹാരത്തിനായി യാഗത്തിന്റെ രക്തം ഒരു പ്രധാന പങ്കുവഹിച്ചു. യേശുവിന്റെ വിലയേറിയ രക്തത്താൽ ക്രിസ്ത്യാനികൾ മറുവിലയായി വാങ്ങപ്പെട്ടിരിക്കുകയാണ് (1 പത്രൊാസ് 1:18, 19) പകരക്കാരൻ എന്ന അതേ ആശയം പൗലൊസും പ്രകടിപ്പിച്ചു: പാപമറിയാത്ത യേശു നമുക്കായി പാപമായി (2 കൊരിന്ത്യർ 5:21). 1 പത്രൊാസ് 3:18 പ്രസ്താവിക്കുന്നതുപോലെ, ക്രിസ്തു പാപത്തിനുവേണ്ടി കഷ്ടത അനുഭവിച്ചു. നീതിമാൻ (യേശു) അനീതിക്കാർക്കായി (നമ്മൾ). പൗലൊസിനെപ്പോലെ (റോമർ 3:21), പത്രൊാസ് വിശ്വാസത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. അവൻ തന്റെ വായനക്കാരോട് പറയുന്നതുപോലെ "അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിക്കുന്നു... അന്തമായ ആത്മരക്ഷ പ്രാപിക്കയും" (1 പത്രൊാസ് 1:8,9). രക്ഷ ദൈവിക സ്വഭാവത്താൽ നേടിയെടുക്കുന്നതല്ല, പിന്നെയോ അത് നാം അവനെ നമ്മുടെ സ്വന്തം രക്ഷകനായി സ്വീകരിക്കുകയും, യേശു നമുക്കു വേണ്ടി ചെയ്തതിൽ വിശ്വസിക്കുകയും ചെയ്യുമ്പോൾ നമുക്കു നൽകപ്പെടുന്നതാണ്. നമ്മുടെ ഉറപ്പ് അവനിലാണ് കാണപ്പെടുന്നത്, നമ്മിലല്ല. നമ്മിൽത്തന്നെ ആയിരുന്നെങ്കിൽ, നമുക്ക് എന്ത് യഥാർത്ഥ ഉറപ്പുണ്ടാ യേനെ?

**എന്തുകൊണ്ടാണ്, യേശു നിങ്ങളുടെ പകരക്കാരനായി രക്ഷയുടെ വലിയ പ്രത്യാശയാകുന്നത്? ഈ അതിശയകരമായ സത്യത്തിൽനിന്ന് നിങ്ങൾക്ക് എന്ത് ആശ്വാസം ഉൾക്കൊള്ളാനാകും?**

**തിങ്കൾ** **ജൂൺ 19**

## നാം എങ്ങനെ ജീവിക്കണം?

പത്രൊസ് മിക്കപ്പോഴും തിരികെവരുന്ന ഒരു കേന്ദ്ര ആശയം അവൻ 2 പത്രൊസ് 3:11-ൽ ചോദിക്കുന്ന ചോദ്യത്തിലൂടെയാണ്. "ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ള തായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം"(2 പത്രൊസ് 3:11). തുടർന്നുള്ള വാക്യങ്ങൾ വായിക്കുക. ക്രിസ്തീയ പെരുമാറ്റത്തെക്കുറിച്ച് പത്രൊസ് എന്താണ് പറയുന്നത്? 1 പത്രൊസ് 1:15-17,22; 2:1; 3:8,9; 4:7-11; 2 പത്രൊസ് 3:11).

അവന്റെ രണ്ട് എഴുത്തുകളിൽ പത്രൊസ് ക്രിസ്തീയ സ്വഭാവം കണക്കിലെടുക്കുന്നു, നിരവധി കേന്ദ്ര ആശയങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്നു. ഒന്നാമതായി, ക്രിസ്തീയ സ്വഭാവവും ദൈവിക ന്യായവിധിയും തമ്മിലുള്ള ബന്ധം പത്രൊസ് രണ്ടു പ്രാവശ്യം ഊന്നിപ്പറയുന്നു (1 പത്രൊസ് 1:17, 2 പത്രൊസ് 3:11 ). ദൈവം ഏവരുടെയും പ്രവൃത്തികളെ ന്യായം വിധിക്കും അങ്ങനെ, ഒരു ക്രിസ്ത്യാനി ഒരു വിശുദ്ധ ജീവിതം നയിക്കണം.

രണ്ടാമത്, നിരവധി തവണയാണ് ക്രിസ്ത്യാനികൾ വിശുദ്ധരായിരിക്കണമെന്ന് പത്രൊസ് പ്രതിപാദിക്കുന്നത്. എബ്രായ ബൈബിളിൽ, വിശുദ്ധമായ കാര്യങ്ങൾ ദൈവാലയത്തിലെ ഉപയോഗത്തിനായി മാറ്റിവയ്ക്കപ്പെട്ടിരിക്കുകയാണ് (പുറപ്പാട് 26:34; 28:36; 29:6,37) അല്ലെങ്കിൽ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി (ഉദാഹരണത്തിന്, ഉല്പത്തി 2:3 ൽ ശബ്ബത്ത്)- വാസ്തവത്തിൽ ദൈവത്തിന്റെ പദ്ധതി അവന്റെ ജനങ്ങൾ വിശുദ്ധരായിരിക്കണം എന്നതായിരുന്നു, അവൻ വിശുദ്ധനായിരിക്കുന്നതുപോലെ, പത്രൊസും സ്പർശിച്ച ഒരു കേന്ദ്ര ആശയം (ലേവ്യ 11:44; 19:2; 1 പത്രൊസ് 1:15,16). എന്തിനെയെങ്കിലും വിശുദ്ധമായി മാറ്റിവെയ്ക്കുന്നതിനെ "വിശുദ്ധീകരണം" എന്ന് വിളിക്കുന്നു, പത്രൊസിന്റെ ആഗ്രഹമാകട്ടെ അവന്റെ വായനക്കാർ ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുകയും യേശുവിനോട് അനുസരണയുള്ളവരുമായിരിക്കുക എന്നാണ് (1 പത്രൊസ് 1:2).

മൂന്നാമത്, വിശുദ്ധീകരിക്കപ്പെട്ടവർക്കു വേണ്ട തരത്തിലുള്ള സ്വഭാവത്തെക്കുറിച്ച് പത്രൊസ് ചില പ്രത്യേകതകൾ നൽകിയിട്ടുണ്ട്. അവർ അവരെത്തന്നെ ചതി, വ്യർത്ഥഭാവം, അസൂയ, നുണ, എന്നിവ നീക്കിക്കളഞ്ഞു ശുദ്ധമാക്കണം (1 പത്രൊസ് 2:1). അവർക്ക് ആത്മാവിൽ ഐക്യം വേണം, അന്യോന്യം സ്നേഹവും താഴ്മയുള്ള മനസ്സും വേണം (1 പത്രൊസ് 3:8,9). അവർക്ക് നന്മയും ദൈവികത്വവും, സ്നേഹവുംവേണം (2 പത്രൊസ് 1:5-7) നിശ്ചയമായും അവർക്ക് ഉറ്റസ്നേഹ

മുണ്ടായിരിക്കണം (1 പത്രൊസ് 4:7–11). അന്ത്യമായി, പത്രൊസ് തന്റെ വായനക്കാരോട് അവരുടെ ആകുലതകൾ എല്ലാം യേശുവിന്റെ മേൽ ഇട്ടുകൊള്ളുവാൻ ആഹ്വാനം ചെയ്യുന്നു (1 പത്രൊസ് 5:7).

**വിധിക്കുന്ന തരത്തിലല്ലാത മറ്റു മാർഗ്ഗങ്ങളിൽ അന്യോന്യം പ്രോത്സാഹിപ്പിക്കാൻ നമുക്കെങ്ങനെ പഠിക്കാൻ കഴിയും, പത്രൊസ് തന്റെ ലേഖനങ്ങളിൽ ആവശ്യപ്പെടുന്ന തരത്തിലുള്ള ജീവിതം നയിക്കാൻ.**

**ചൊവ്വ** **ജൂൺ 20**

## രണ്ടാം വരവിലുള്ള പ്രത്യാശ

തുടർന്നുള്ള വാക്യങ്ങൾ വായിച്ച് ഭാവിസംഭവങ്ങളെക്കുറിച്ച് എന്താണ് പറയുന്നതെന്ന് ശ്രദ്ധിക്കുക.

1 പത്രൊസ് 1:4

1 പത്രൊസ് 1:17

1 പത്രൊസ് 4:5,6

1 പത്രൊസ് 4:17

2 പത്രൊസ് 3:1–10

1 പത്രൊസ് ആദ്യമായി വായിക്കുകയും കേൾക്കുകയും ചെയ്യുന്നവർ നേരിടുന്ന ഒരു പ്രധാന വിഷയം പീഡനമാണ്. അവരുടെ ജീവിതത്തിൽ പീഡനത്താൽ തകർക്കപ്പെടുമെങ്കിലും സ്വർഗ്ഗത്തിൽ അവർക്കായി ഒരു പ്രതിഫലം വച്ചിട്ടുണ്ട് എടുത്തുകൊണ്ടു പോകാനാകാത്ത  ഒരു പ്രതിഫലം എന്ന് പത്രൊസ് തന്റെ വായനക്കാരെ ആശ്വസിപ്പിക്കുന്നു, 1 പത്രൊസിന്റെ ആദ്യഭാഗത്ത് ക്രിസ്ത്യാനികൾക്കായി നശിക്കാത്ത ഒരു അനന്തരാവകാശം സ്വർഗ്ഗത്തിലുണ്ട് എന്ന് അവൻ പ്രതിപാദിക്കുന്നു (1 പത്രൊസ് 1:4).

ഭാവിയിൽ സംഭവിക്കാനിരിക്കുന്ന രണ്ടു കാര്യങ്ങൾ പത്രൊസ് ഉയർത്തിക്കാട്ടുന്നു. അന്ത്യന്യായവിധിയും തിന്മയുടെ അഗ്നിനാശവും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇപ്പോൾ ഇവിടെ പീഡനമുണ്ടെങ്കിലും, നീതിയും ന്യായവും നടത്തപ്പെടും വിശ്വാസികൾക്ക് അവരുടെ നിത്യപ്രതിഫലവും ലഭിക്കും എന്ന് അവൻ കാണിക്കുന്നു.

മൂന്നു വ്യത്യസ്ത സന്ദർഭങ്ങളിൽ പത്രൊസ് ന്യായവിധി സൂചിപ്പിക്കുന്നു (1 പത്രൊസ് 1:17; 4:5,6,17). പിതാവായ ദൈവം എല്ലാ മനുഷ്യരെയും അവരുടെ പ്രവൃത്തികൾക്കനുസരിച്ച് നിഷ്പക്ഷമായി വിധിക്കുന്നു എന്ന് അവൻ പറയുന്നു (1 പത്രൊസ് 1:17). യേശു സ്വയം ജിവനുള്ളവരെയും മരിച്ചവരെയും വിധിക്കുവാൻ തയ്യാറായി നിൽക്കുന്നു എന്നവൻ ചൂണ്ടിക്കാണിക്കുന്നു (1 പത്രൊസ് 4:5). ന്യായവിധി ആരംഭിക്കുന്നത് ദൈവത്തിന്റെ ഭവനത്തിൽ നിന്നാണെന്നുള്ള രഹസ്യമായ നിരീക്ഷണവും അവൻ നടത്തുന്നു (1 പത്രൊസ് 4:17).

“ദൈവമില്ലാത്തവർ” ലോകവ്യാപകമായ ഒരഗ്നിക്കാറ്റിൽ നശിപ്പിക്കപ്പെടും എന്നും പത്രൊസ് ഊന്നിപ്പറയുന്നു (2 പത്രൊസ് 3:7).

യഥാർത്ഥത്തിൽ യേശു തിരിച്ചുവരുന്നോ എന്ന കാര്യത്തിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാനും പത്രൊസ് കുറച്ച് സമയം ചിലവഴിക്കുന്നു (2 പത്രൊസ് 3:1–10). യേശു രണ്ടാമത് വരുന്നതിന് “വൈകുന്നതിനു” കാരണം കൂടുതൽ ആളുകൾ അനുതപിക്കാനും രക്ഷപ്പെടാനും സമയം അനുവദിക്കാനാണ് എന്ന് അവൻ ചൂണ്ടിക്കാണിക്കുന്നു. ഭാവിയിലുള്ള ഒരുഉറപ്പായ കണക്കെടുപ്പിന്റെ കാര്യം ഏവരെയും കറയറ്റതും വിശുദ്ധവുമായ ഒരു ജീവിതം നയിക്കാൻ ബോദ്ധ്യപ്പെടുത്തണം എന്നും അവൻ ചൂണ്ടിക്കാണിക്കുന്നു. അപ്രകാരം, പത്രൊസ് ഇപ്പോഴുള്ളതും ഇവിടെയുള്ളതുമായ കാര്യങ്ങളിലും പ്രായോഗിക ക്രിസ്തീയ ജീവിതത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു എങ്കിലും അവൻ തന്റെ വായനക്കാരുടെ മുമ്പാകെ അവരെ കാത്തിരിക്കുന്ന ഭാവി പ്രത്യാശ തുറന്നുവയ്ക്കുന്നു. ചുരുക്കത്തിൽ ഈ നിമിഷത്തിലെ സാഹചര്യങ്ങൾ എന്തുതന്നെ ആയാലും, അവർ അനുസരണത്തിലും വിശ്വാസത്തിലും മുമ്പോട്ടു പോകണം.

**നിങ്ങളുടെ സാഹചര്യങ്ങൾ എന്തുതന്നെ ആയാലും നിങ്ങൾ എന്തുകൊണ്ടാണ് അനുസരണത്തിലും വിശ്വാസത്തിലും മുമ്പോട്ടു പോകേണ്ടത്? മറ്റെന്ത് തിരഞ്ഞെടുപ്പാണുള്ളത്?**

**ബുധൻ** **ജൂൺ 21**

## സഭയിലും സമൂഹത്തിലും ചിട്ട

**തുടർന്നുള്ള പാഠഭാഗങ്ങൾ വായിക്കുക. സഭാനേതൃത്വത്തിന്റെയും സർക്കാരിന്റെയും പ്രാധാന്യത്തെക്കുറിച്ചും ക്രിസ്ത്യാനികൾ അവ രണ്ടിനോടും എങ്ങനെ പ്രതികരിക്കണം എന്നതിനെക്കുറിച്ചും എന്താണ് പത്രൊസ് പറയുന്നത്? ഇവന്റെ ഈ വാക്കുകൾ നമ്മുടെ ഇന്നത്തെ സാഹചര്യങ്ങളിൽ എങ്ങനെ പ്രയോഗിക്കും, നാം എവിടെ ജിവിച്ചിരുന്നാലും?**

1 പത്രൊസ് 2:11–21

1 പത്രൊസ് 5:1–5

മതാധികാരികളാലും സർക്കാരിനാലും ക്രിസ്ത്യാനികൾ ഇടയ്ക്കിടയ്ക്ക് പീഡിപ്പിക്കപ്പെട്ടിരുന്ന ഒരു സമയത്താണ് പത്രൊസ് ജീവിച്ചിരുന്നത്. സർക്കാരധികാരികളുടെ ശരിയായ പങ്കിനെക്കുറിച്ച് പറയുന്നത് പൗലൊസിന്റെയും പത്രൊസിന്റെയും കാര്യത്തിൽ കൂടുതൽ പ്രസക്തമാക്കുന്നു (1 പത്രൊസ് 2:13–17, റോമർ 13:1–7). പത്രൊസിന്റെയും പൗലൊസിന്റെയും അഭിപ്രായത്തിൽ തിന്മ ചെയ്യുന്നവർക്കെതിരെ ഒരു തടയായാണു ദൈവം തന്നെ സർക്കാർ അധികാരികളെ വച്ചിരിക്കുന്നത്. നിശ്ചയമായും, ഭരണാധികാരികൾ തന്നെ പ്രശ്നക്കാരാകുന്ന സമയങ്ങളുണ്ട്. പത്രൊസിന്റെ കാലത്ത് ക്രിസ്ത്യാനികൾ ഇതു നേരിട്ടു. അനേക വർഷങ്ങളിലേക്ക് ഇത് വഷളാ

കുകയേയുള്ളൂ. എന്നാൽ, പൊതുവിൽ, നല്ല സർക്കാർ നിയമ വാഴ്ചയും സുരക്ഷിതത്വവും നിലനിർത്തും എന്നാണ് ആശയം. ഇന്നുപോലും ചട്ടവും നിയമവും തകർന്നു പോയതിന്റെ ഉദാഹരണങ്ങളുണ്ട്; ഒരു ന്യായമായ സർക്കാരിന്റെ ആവശ്യക്ത ഒരുവന് കാണാൻ കഴിയും. മനുഷ്യവർഗ്ഗത്തിനു ദൈവം നൽകിയിട്ടുള്ള ഒരു അനുഗ്രഹമാണ് ഒരു നല്ല സർക്കാർ എന്നത് സത്യമാണ്.

നല്ല സഭാഭരണവും പ്രധാനമാണെന്ന പൗലൊസിന്റെ ബോധ്യത്തോട് പത്രൊസ് പങ്കുചേരും എന്നതിൽ സംശയമൊന്നുമില്ല, "സകലവും ഉചിതമായും ക്രമമായും നടക്കട്ടെ" (1 കൊരിന്ത്യർ 14:39) എന്ന് നിഷ്കർഷിക്കുന്നു.

അതുപോലെതന്നെ പത്രൊസ് സഭാനേതാക്കന്മാരോടു പറഞ്ഞ "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ" (1 പത്രൊസ് 5:2). അവർ അത് താഴ്മയോടുകൂടിയും കരുതലോടും ചെയ്യണം. പ്രാദേശിക സഭകൾ നന്നായി നയിക്കപ്പെടണം. നല്ല നേതാക്കന്മാർ ദർശനവും ഐക്യവും നൽകുകയും മറ്റുള്ളവരിലെ ആത്മീയ ദാനങ്ങളെ ദൈവമഹത്വ ത്തിനായി ഉപയോഗിക്കാൻ പ്രാപ്തരാ ക്കുകയും ചെയ്യുന്നു.

1 പത്രൊസ് 5:5 പറയുന്നത്: നിങ്ങൾ അന്യോന്യം താഴ്മ ധരിക്കണമെന്നാണ്. അതു പഠിക്കാൻ നമുക്ക് എങ്ങനെ കഴിയും? ഇതു മറ്റുള്ളവരുമായുള്ള നിങ്ങളുടെ സ്വന്തം ഇടപാടുകളിൽ നടപ്പിലാക്കാൻ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും?

**വ്യാഴം** **ജൂൺ 22**

## തിരുവെഴുത്തിന്റെ ഒന്നാം സ്ഥാനം

തുടർന്നുള്ള പാഠഭാഗങ്ങൾ വായിക്കുക. നമ്മുടെ വിശ്വാസത്തിലും ജീവിതങ്ങളിലും ബൈബിളിന്റെ പങ്ക് എന്താണെന്നു മനസ്സിലാക്കുവാൻ അവ ബൈബിളിനെക്കുറിച്ച് എന്തു പറയുന്നു?

1 പത്രൊസ് 1:10-12

2 പത്രൊസ് 1:16-20

2 പത്രൊസ് 3:2

2 പത്രൊസ് 3:16

അവന്റെ രണ്ടാമത്തെ എഴുത്തിൽ, പത്രൊസ് വ്യാജ ഉപദേശകന്മാരെ നേരിടുന്നു. അവൻ "വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പന (2 പത്രൊസ് 3:2) എന്നു പറയുമ്പോൾ അവന്റെ വായനക്കാരെ രണ്ട് അധികാരസ്രോതസ്സുകളിലേക്കു നയിക്കുന്നു. ഇന്നു നമുക്ക് അതേ അവലംബം വിശുദ്ധ പ്രവാചകന്മാരിൽ ഉണ്ട് - അതായത്, പഴയ നിയമം. നമുക്ക് ഇനിമേലിൽ ജീവിക്കുന്ന പ്രവാചകന്മാർ ലഭ്യമല്ല. എന്നാൽ, തീർച്ചയായും ഒരർത്ഥത്തിൽ അതിനെക്കാൾ മെച്ച

മായതുണ്ട്. പുതിയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന അവരുടെ പ്രചോദിതമായ സാക്ഷ്യം. മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവർ നമുക്കു യേശുവിന്റെ ജീവിതം, മരണം, പുനരുത്ഥാനം എന്നീ കഥകൾ കൃത്യമായി നൽകിയിട്ടുണ്ട്. അപ്പൊസ്തലപ്രവൃത്തികളിൽ, അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങളുടെ വിവരണം നമുക്കായി ശേഷിക്കുന്നുണ്ട്. കൂടാതെ നിശ്ചയമായും അപ്പൊസ്തലന്മാരുടെ പ്രചോദിതമായ വാക്കുകൾ നമുക്കു നേരിട്ടു വായിക്കാം. ദൈവവചനത്തിന്റെ അധികാരത്തെക്കുറിച്ചു പൗലൊസ് ശക്തമായി എഴുതുന്നു (2 തിമൊഥെയൊസ് 3:16). പിന്നീടു പത്രൊസ് തിരുവെഴുത്തിനെ വിശ്വാസപ്രമാണത്തിന്റെയും ധാർമിക അധികാരത്തിന്റെയും ഉറവിടമായി ചൂണ്ടിക്കാണിക്കുന്നു.

2 പത്രൊസ് 3:16-ൽ പത്രൊസ് അവന്റെ വായനക്കാരോടും കേൾവിക്കാരോടും ഒരു കാര്യം താക്കീതു ചെയ്യുന്നു. തിരുവെഴുത്തു സത്യത്തിന്റെ ഉറവിടമാണെങ്കിലും പരിശുദ്ധാത്മാവു നമുക്കു മനസ്സിലാക്കിത്തരുന്ന ദൂതു ശ്രദ്ധയോടെ പഠിച്ചില്ലായെങ്കിൽ, സത്യത്തിന്റെ ഉറവിടം തന്നെ തെറ്റിദ്ധരിക്കപ്പെടാം. ഇതു ഭയാനകമായ പരിണത ഫലങ്ങളിലേക്കുനയിക്കും. ബൈബിൾ പഠിക്കുന്നതിനായുള്ള അടിസ്ഥാന തത്വങ്ങളെക്കുറിച്ച് നമുക്കുള്ള ഒരു ഓർമ്മപ്പെടുത്തലാകണം അവന്റെ വാക്കുകൾ. നാം പ്രാർത്ഥനയോടുകൂടി ഒരു തിരുവെഴുത്തു ഭാഗം വായിക്കണം. നാം അത് വായിക്കേണ്ടതു ബൈബിളിനെ മൊത്തമായും അദ്ധ്യായത്തെയും ബന്ധിപ്പിക്കുന്ന പശ്ചാത്തലത്തിലായിരിക്കണം. അവൻ ഇത് എഴുതിയപ്പോൾ എന്തിനെക്കുറിച്ചാണു പ്രത്യേകമായി സംസാരിച്ചത്? അതെഴുതപ്പെട്ടതിന്റെ ചരിത്ര പശ്ചാത്തലത്തിന്റെ വെളിച്ചത്തിലായിരിക്കണം നാം അതു വായിക്കേണ്ടത്. (1, 2 പത്രൊസിന്റെ കാര്യത്തിൽ, ഇത് ആദ്യനൂറ്റാണ്ടിലെ റോമാസാമ്രാജ്യമാണ്. നാം അത് ആത്മീയ ഉൾക്കാഴ്ച അന്വേഷിച്ചുകൊണ്ടും ബൈബിൾ സന്ദേശത്തിന്റെ കേന്ദ്രം എന്നതു ക്രിസ്തുവിന്റെ ത്യാഗപരമായ മരണത്താൽ കൊണ്ടുവരപ്പെട്ട രക്ഷയാണെന്ന അറിവോടുകൂടി വേണം വായിക്കുവാൻ (1 പത്രൊസ് 1:10-12). അന്ത്യമായി നാം അതു നമ്മുടെ സ്വന്തം ജീവിതങ്ങളുടെ പശ്ചാത്തലത്തിൽ വായിക്കണം. എന്തു സത്യമാണു നമുക്കു ലഭിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നത്? ദൈവരാജ്യത്തിന് ഒരു പ്രസാദാത്മക സംഭാവനയായി തീരത്തക്കവിധം നമ്മുടെ ജീവിതങ്ങളിൽ ഈ എഴുതപ്പെട്ട വചനം എങ്ങനെ ഉപയോഗിക്കാം?

**വെള്ളി** **ജൂൺ 23**

**കൂടുതൽ ചിന്ത:** കടുത്ത ദൈവശാസ്ത്രത്തിനിട യിലും, പത്രൊസിന്റെ എഴുത്തുകൾ ക്രിസ്തീയ ജീവിത ത്തിലും നാം എങ്ങനെ കരുതണമെന്നതിലും ശക്തമായ ഊന്നൽ നൽകുന്നു. മറ്റൊരുവിധത്തിൽ, അതേ, സത്യം യേശുവിലായിരിക്കുന്നതുപോലെ നാം അറിയണം. എന്നാൽ അതിലും പ്രധാനമായി, നാം സത്യത്തിൽ ജീവിക്കേണ്ടതുണ്ട്. മുമ്പു നമുക്ക് ഈ ശ്രേഷ്ഠമായ വാക്കുകൾ ലഭിക്കുന്നു.

എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സാഹോദര്യ പ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ (1 പത്രൊസ് 1:22). സത്യത്തോടുള്ള അനുസരണത്തെ നമ്മുടെ ആത്മാവുകളുടെ ശുദ്ധീകരണവുമായി അവൻ എങ്ങനെ ബന്ധപ്പെടുത്തുന്നു എന്നു ശ്രദ്ധിക്കുക. സത്യം നമ്മളെ മാറ്റുന്നു. അതു നമ്മെ ഉറ്റു സ്നേഹിക്കുന്നവരും ശുദ്ധ ഹൃദയവുമുള്ളവർ ആക്കുന്നു. അനുസരണം, ഹൃദയശുദ്ധി, സ്നേഹം എല്ലാം ഒന്നിനോടൊന്നു ബന്ധപ്പെട്ടിരിക്കുന്നു. ഈ ആദർശത്തിനുവേണ്ടിയാണു നാം നന്നായി ശ്രമിക്കേണ്ടത്. ഈ ആജ്ഞ നാം പിൻപറ്റുകയാണെങ്കിൽ നമ്മുടെ സഭകളും നമ്മുടെ ജീവിതങ്ങളും എത്ര വ്യത്യസ്തമായേനെ എന്നു നിങ്ങൾക്കു സങ്കല്പിക്കാൻ കഴിയുമോ? മറ്റൊന്നിനു മില്ലെങ്കിലും സഭാ ഐക്യത്തിന് അത് എന്തുചെയ്യും എന്നു ചിന്തിക്കുക.

സഹോദരങ്ങളേ, നിങ്ങൾ നിങ്ങളുടെ സഭകളിലേക്കും ഭവനങ്ങളിലേക്കും തിരികെ പോകുമ്പോൾ ക്രിസ്തുവിന്റെ ആത്മാവ് നിങ്ങളോടൊപ്പം കൊണ്ടു പോകുമോ? വിമർശനവും അവിശ്വാസവും നിങ്ങൾ വിട്ടുകളയുമോ. മുമ്പത്തെക്കാൾ അധികമായി നാം ഒരുമിച്ചുനില്ക്കേണ്ടതിന്റെയും ഒന്നിച്ച് അദ്ധ്വാനിക്കേണ്ടതിന്റെയും ഒരു കാലത്തിലേക്കാണു നാം വന്നിരിക്കുന്നത്. ഐക്യമത്യം മഹാബലം അനൈക്യത്തിലും ഭിന്നിപ്പിലും ബലഹീനത മാത്രമേയുള്ളൂ" – E.G.W. Selected Messages, book 2, pp. 373-374.

**ചർച്ചാ ചോദ്യങ്ങൾ:**

1. 2 പത്രൊസ് 3:12 ൽ അപ്പൊസ്തലൻ ഇങ്ങനെ പറയുന്നു. ഇങ്ങനെ ഇവയൊക്കെയും അഴിവാനു ള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നു ബദ്ധപ്പെടുത്തിയുംകൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം. ദൈവത്തിന്റെ ദിവസം നാം "ബന്ധപ്പെടുത്തിയും കൊണ്ട്" എന്നു പറയുമ്പോൾ അവൻ എന്താണ് അർത്ഥമാക്കുന്നത്? എങ്ങനെയാണു നമുക്കു ദൈവത്തിന്റെ ദിവസം; അതായതു രണ്ടാം വരവു വേഗത്തിലാക്കാൻ കഴിയുക?

2. പ്രകൃതി ദൈവത്തിന്റെ "രണ്ടാം പുസ്തകം' ആണെന്നു നാം പറയാറുണ്ട്. നിർഭാഗ്യവശാൽ, ദൈവത്തിന്റെ ആദ്യ പുസ്തകം (ബൈബിൾ) എന്നപോലെ ഈ രണ്ടാം പുസ്തകവും തെറ്റായി വ്യാഖ്യാനിക്കപ്പെടാം. ഉദാഹരണത്തിന് അനേകർക്ക് ഉദ്ദേശത്തിന്റെയും രൂപ രേഖയുടെയും സന്ദേശം പ്രകതിയിൽനിന്നു തുടച്ചുനീക്കപ്പെട്ട്, ഇന്നത് ഡാർവിന്റെ സിദ്ധാന്തങ്ങളാൽ നിറയപ്പെട്ടിരിക്കയാണ്.

ലോകം രൂപരേഖ ചെയ്യപ്പെട്ടതല്ല എന്നു നമ്മോടു പറയുന്നു; അതു നമുക്കങ്ങനെ തോന്നുന്നു എന്നേയുള്ളൂ. അങ്ങനെയെങ്കിൽ എങ്ങനെയാണു നാം ഈ രണ്ടാം പുസ്തകത്തെ ശരിയായ രീതിയിൽ വായിക്കുകയും വ്യാഖ്യാനിക്കുയും ചെയ്യുന്നത്? രണ്ടാം പുസ്തകത്തിനു നമ്മെ ദൈവത്തെക്കുറിച്ചു പഠിപ്പിക്കുവാനുള്ള പരിമിതി എന്താണ്? രണ്ടാമത്തേതിനെ ശരിയായി മനസ്സിലാക്കുവാൻ ഒന്നാമത്തെ പുസ്തകത്തിൽനിന്നു നമുക്ക് എന്തു സഹായം ലഭിക്കാൻ കഴിയും? 2-ാം പുസ്തകത്തിന്റെ നമ്മുടെ വ്യാഖ്യാനം ഒന്നാം പുസ്തകമായ ബൈബിളിന്റെ വ്യാഖ്യാനവുമായി വിരുദ്ധമാകുമ്പോൾ എന്തു സംഭവിക്കും? എവിടെയാണു പ്രശ്നം?

✪ ✪ ✪ ✪

Pubilshed by Jose Prakash for South West India Union of Seventh-day Adventists. Evergreen lane, Moospet road, Thrissur - 680005. Ph: 0487-2440341.
Type Setting and Printing@ Ebenezer Printers. Thrissur Ph: 0487-2361892